**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 322** **22-02-2022 - ൽ മറുപടിയ്ക്ക്**

**ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ റോഡുകളും സ്വകാര്യ വ്യക്തികൾ വിട്ട് നൽകുന്ന സ്ഥലങ്ങളും ഉൾപ്പെടുത്തുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരിശോധിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | വില്ലേജ് ഓഫീസറുടെ ലാന്റ് അക്വിസിഷൻ സർട്ടിഫിക്കറ്റ് മാത്രം ഉണ്ടെങ്കിൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ സാധിക്കുമോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം നിക്ഷിപ്തമായിരിക്കുന്നതും 178 -ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി ആർജിക്കുന്നതുമായ ഭൂമി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ കഴിയുന്നതാണ്. ഈ വ്യവസ്ഥകൾ നഗരസഭകൾക്കും ബാധകമാണ്. |
| (സി) | സ്വകാര്യ വ്യക്തികൾ വിട്ട് നൽകുന്ന ഭൂമി തദ്ദേശ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരുടെ പേരിൽ രജിസ്റ്റർ ചെയ്യണമെന്ന നിർദ്ദേശം നിലവിലുണ്ടോ; ഇവ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | ഉണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് പൊതു ആവശ്യത്തിനായി സ്വകാര്യ വ്യക്തികൾ സൗജന്യമായി ഭൂമി വിട്ട് വിട്ടുകൊടുക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 178 പ്രകാരം സെക്രട്ടറിമാരുടെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകേണ്ടതുണ്ട്. ഇപ്രകാരം നടപടി സ്വീകരിച്ച് ഭൂമി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്തതിന് ശേഷം മാത്രമേ നിർമ്മാണ പ്രവർത്തനം നടത്താൻ പാടുള്ളുവെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 08/01/2021- PAN/10504/2019/സി2 നമ്പർ സർക്കുലർ പ്രകാരം എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും നല്കിയിട്ടുണ്ട്. ഈ വ്യവസ്ഥകൾ എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും ബാധകമാണ് |
| (ഡി) | ഇത്തരത്തിൽ ലഭിക്കുന്ന ഭൂമി ജിയോ ടാഗ് ചെയ്യണമെന്ന നിർദ്ദേശം പ്രായോഗികമാണോ; ഇത് കാലതാമസത്തിന് ഇടയാക്കുന്നില്ലേ; പരിശോധിക്കുമോ; | (ഡി) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി സൃഷ്ടിക്കപ്പെടുന്ന ആസ്തികളാണ് നിലവിൽ ജിയോ ടാഗ് ചെയ്യുന്നത്. കൂടാതെ റോഡ് കണക്ടിവിറ്റി മാപ്പിംഗിന്റെ ഭാഗമായി റോഡ് ആസ്തികളുടെ ജിയോ ടാഗിംഗ് നടന്നു വരുന്നുണ്ട്. ഇത് കാരണം ആസ്തി രജിസ്റ്ററിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തുന്ന പ്രവൃത്തിക്ക് കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടില്ല. |
| (ഇ) | മേൽ പ്രശ്നം പ്രായോഗികമായി എങ്ങനെ പരിഹരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഇ) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി സൃഷ്ടിക്കപ്പെടുന്ന ആസ്തികളാണ് നിലവിൽ ജിയോ ടാഗ് ചെയ്യുന്നത്. കൂടാതെ റോഡ് കണക്ടിവിറ്റി മാപ്പിംഗിന്റെ ഭാഗമായി റോഡ് ആസ്തികളുടെ ജിയോ ടാഗിംഗ് നടന്നു വരുന്നുണ്ട്. ഇത് കാരണം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്ന പ്രവൃത്തിക്ക് കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടില്ല. |

സെക്ഷൻ ഓഫീസർ